പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1860 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിലെ ചെലവ് ചുരുക്കൽ

ചോദ്യം

ഡോ.എം. കെ. മുനീർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ചെലവ് ചുരുക്കലിന്റെ ഭാഗമായി എത്ര ഉന്നത ഉദ്യോഗസ്ഥർ സ്വമേധയാ അവർക്ക് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനം ഒഴിവാക്കി അനുവദിച്ചിട്ടുള്ള യാത്ര പാസ് ഉപയോഗപ്പെടുത്തി വീട്ടിൽ നിന്ന് ഓഫീസിലേക്കും തിരിച്ചു പോകുന്നതിനും ഉപയോഗിച്ചു വരുന്നു; | (എ) | ചെലവ് ചുരുക്കലിന്റെ ഭാഗമായി സോണൽ ഓഫീസർമാർ, അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്), സ്ക്വാഡ് യൂണിറ്റുകൾ, യൂണിറ്റ് ഓഫീസർമാർ എന്നിവർക്ക് ഔദ്യോഗിക ആവശ്യത്തിനായി അനുവദിച്ചിരിക്കുന്ന ഔദ്യോഗിക വാഹനത്തിൽ നിന്നും ഡ്രൈവർമാരെ പിൻവലിക്കുകയും ടി വാഹനങ്ങൾ സ്വയം ഓടിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സീനിയർ ഉദ്യോഗസ്ഥർ ഒഴികെ എല്ലാ ഓഫീസർമാരും ഔദ്യോഗിക യാത്രക്ക് ഒഴികെയുള്ള യാത്രയ്ക്ക് പൊതുഗതാഗത സംവിധാനം തന്നെയാണ് ഉപയോഗിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിലെ ഉന്നത ഉദ്യോഗസ്ഥർക്ക് മറ്റ് സർക്കാർ ഓഫീസിലുള്ളവരിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സൗജന്യ യാത്ര പാസ് അനുവദിച്ചിട്ടുള്ളതിനാൽ അവർക്ക് ചെലവ് ചുരുക്കലിന്റെ ഭാഗമായി ഔദ്യോഗിക വാഹനം ഒഴിവാക്കാതിരിക്കാനുള്ള കാരണം അറിയിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിലെ ഹയർ ഡിവിഷൻ ആഫീസർമാർക്ക് ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഹയർ ഡിവിഷൻ ആഫീസർമാരെല്ലാം ഔദ്യോഗിക ജോലികളുടെ ഭാഗമായി ഒട്ടുമിക്ക ദിവസവും വളരെ വൈകിയാണ് ആഫീസ് വിട്ടുപോകുന്നത്, കൂടാതെ ഔദ്യോഗിക സംബന്ധമായ ആവശ്യത്തിലേക്ക് വളരെ നേരത്തെ വീട്ടിൽ നിന്നും യാത്ര തിരിക്കേണ്ടതുണ്ട്. കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് ടി ആഫീസർമാരുടെ വിലപ്പെട്ട സമയം യാതൊരു കാരണവശാലും നഷ്ടപ്പെടുത്താതെ കോർപ്പറേഷന് ഗുണപ്രദമാകുന്നതിലേക്ക് വേണ്ടി അവർ കഴിവതും വേഗം ആഫീസിൽ എത്തി ചേരുന്നതിനുവേണ്ടിയാണ് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ